**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പെരിനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സരോജാക്ഷൻ പിള്ളയ്ക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.702/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 15.03.2017

==========================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.03.2014-ലെ ഇ 2-(എസ് സി 64/2013/കെഎൽഎം) 29354/2013 നമ്പർ കത്ത്

2. സർക്കാരിന്റെ 06.06.2014-ലെ 31580/ഇപിബി2/14/തസ്വഭവ നമ്പർ കുറ്റപത്രം
3. പെരിനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സരോജാക്ഷൻ പിള്ള സമർപ്പിച്ച 11.12.2014-ലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 27.04.2016-ലെ ഡി6-25030/2014 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 13/11/2013-ൽ പെരിനാട് ഗ്രാമപഞ്ചായത്തിൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു വിജിലൻസ് പരിശോധനയിൽ പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സരോജാക്ഷൻ പിള്ളയ്ക്കെതിരെ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

1. അനധികൃത നിർമ്മാണത്തിനെതിരെ 4/6/2012 ലെ സ.ഉ. (എംഎസ്) 149/12/തസ്വഭവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിച്ചില്ല
2. കെട്ടിട നമ്പർ അനുവദിക്കുന്നതിന് ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തി.
3. ഇ.എം.എസ്. ഭവന പദ്ധതിപ്രകാരം ചട്ടവിരുദ്ധമായി സാമ്പത്തിക സഹായം കൈപ്പറ്റിയ 3 സ്വകാര്യ വ്യക്തികളിൽനിന്ന് 37,500/- രൂപ വീതം തിരികെ പിടിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് (സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്) അധികൃതർ നിർദ്ദേശിച്ചിട്ടും ടി തുക തിരികെ പിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചില്ല

ടി ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ശ്രീ. സരോജാക്ഷൻ പിള്ളയ്ക്ക് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകുകയും ശ്രീ.സരോജാക്ഷൻ പിള്ള പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും അതിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ചുവടെ പ്രസ്താവിക്കുംപ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

1. അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ4/6/12 ലെ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചില്ല എന്ന ആരോപണത്തിനുമേൽ പെരിനാട് ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലായി ഉത്തരവ് തീയതി മുതൽ 21 കെട്ടിടങ്ങൾക്ക് അനധികൃത കെട്ടിട നമ്പർ (യു.എ.) അനുവദിച്ചിട്ടുണ്ടെന്നും കെട്ടിട നമ്പർ അനുവദിച്ച അവസരത്തിൽത്തന്നെ ഉടമയെ ഉത്തരവിലെ വ്യവസ്ഥകൾ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും, കൂടാതെ കെട്ടിട നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് രാജ് നിയമം 220 (ബി), തീരദേശ സംരക്ഷണ നിയമം എന്നിവ ലംഘിച്ചിട്ടുള്ള യാതൊരു കെട്ടിടങ്ങൾക്കും നമ്പർ നൽകിയിട്ടില്ലെന്നും, ചെറു പ്ലോട്ടിലെ നിർമ്മാണം, സെറ്റ് ബാക്ക് ലഭിക്കാത്തവ, തണ്ണീർത്തട നിയമം ലംഘിച്ചിട്ടുള്ളവ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കെട്ടിടങ്ങൾക്കുമാത്രമാണ് നമ്പർ നൽകിയിട്ടുള്ളത് എന്നും അറിയിച്ചു

ഈ മറുപടിയുടെ അടിസ്ഥാനത്തിൽ യു.എ. നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ ടിയാന്റെ കാലയളവിൽ മേൽ പരാമർശിച്ച പ്രകാരമുള്ള 21 അനധികൃത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു എന്നും ആകയാൽ മേൽ അനധികൃത നിർമ്മാണങ്ങൾക്ക് നല്കുന്നതിനായി നോട്ടീസ് ഫയലിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും മേൽ നോട്ടീസ് ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് യഥാവിധി നൽകി കൈപ്പറ്റ് രസീത് വാങ്ങുകയോ യാതൊരു തുടർനടപടികളും സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല 4/6/12 ലെ ജി.ഒ (എംഎസ്) നം.149/12/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനധികൃത കെട്ടിട നമ്പർ അനുവദിച്ച കാലയളവിൽ മേൽ കെട്ടിട ഉടമകൾക്കെതിരെ യാതൊരു തുടർ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു

2. കുറ്റാരോപണ മെമ്മോയിലെ രണ്ടാമത്തെ ആരോപണം കെട്ടിട നമ്പർ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിൽ തീർപ്പ് കല്പിക്കുന്നതിന് അസാധാരണമായ കാലതാമസം ഉണ്ടാകുന്നു എന്നതാണ്. ഇതിന് ശ്രീ. സരോജാക്ഷൻ പിള്ള സമർപ്പിച്ച മറുപടിയിൽ പഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിനും പഞ്ചായത്ത് ഓഫീസിലെ തന്നെ ജീവനക്കാർക്കും പരിശോധനയ്ക്കും അന്വേഷണത്തിനുമായി നല്കുന്ന അപേക്ഷകളിൽ റിപ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസം മാത്രമേ ഉണ്ടാകുന്നുള്ളുവെന്നും അല്ലാതെ സെക്രട്ടറിയുടെ ഭാഗത്തുനിന്ന് മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചട്ടപ്രകാരം 30 ദിവസത്തിനകം കെട്ടിട നിർമ്മാണ അനുമതി നല്കുന്നതിനോ പൗരാവകാശാ രേഖയിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ കെട്ടിട നമ്പർ അനുവദിക്കുന്നതിനോ കഴിയാത്തതായി കാണുന്നുണ്ട്. അന്വേഷണ ഉദ്യോഗസ്ഥരിൽനിന്ന് യഥാസമയം റിപ്പോർട്ട് വാങ്ങി അപേക്ഷകളിൽ തീർപ്പ് കല്പിക്കേണ്ടതുണ്ട്. റിപ്പോർട്ട് പരിശോധിച്ചതിൽ സെക്രട്ടറിയുടെ ഭാഗത്ത്നിന്ന് മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടുള്ളതായി കാണുന്നില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു

3. കുറ്റാരോപണ പത്രികയിലെ മൂന്നാമത്തെ ആരോപണം ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ക്രമരഹിതമായി ആനുകൂല്യം കൈപ്പറ്റിയ 3 ഗുണഭോക്താക്കളിൽനിന്ന് 37,500/- രൂപ വീതം ഈടാക്കാൻ ശുപാർശ ചെയ്തിട്ടും ബന്ധപ്പെട്ടവരിൽനിന്ന് തുക ഈടാക്കുന്നതിനോ അല്ലാത്ത പക്ഷം റവന്യൂ റിക്കവറി സ്വീകരിക്കുന്നതിനോ പഞ്ചായത്ത് അധികൃതർ താല്പര്യം കാണിച്ചിട്ടില്ല എന്നുള്ളതാണ്. ടി കുറ്റാരോപണത്തിന് ശ്രീ. സരോജാക്ഷൻ പിള്ള സമർപ്പിച്ച മറുപടിയിൽ പരാമർശത്തിനാധാരമായ സംഭവം നടന്നത് 2010-11 കാലയളവിലാണെന്നും പദ്ധതി നടപ്പിലാക്കിയത് LVEO ആണെന്നും ടിയാൻ പെരിനാട് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ചുമതലയേറ്റത് 1/3/2012 ൽ ആണെന്നും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചയുടനെ തുടർ നടപടികൾ സ്വീകരിക്കാൻ LVEO യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്. മേൽ മറുപടി സംബന്ധിച്ച് പഞ്ചായത്തിലെ ബന്ധപ്പെട്ട രേഖകളും 25/2/13 ൽ LFQPI(A)950/12 ആയി പുറപ്പെടുവിച്ചിട്ടുള്ള പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2010-11,2011-12 കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടും

ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ മേൽ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്തിൽ ലഭിച്ചത് 2013 മാർച്ച് മാസത്തിലാണ്. ആ കാലയളവിലെ സെക്രട്ടറി ശ്രീ. സരോജാക്ഷൻ പിള്ളയാണ്. ആഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന് ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടത് ശ്രീ. സരോജാക്ഷൻ പിള്ളയായിരുന്നു. എന്നാൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ഉത്തരവാദിയായ എൽ.വി.ഇ.ഒ. ശ്രീമതി. വസന്തകുമാരിക്ക് യഥാസമയം അയച്ച് കൊടുത്ത് അതിന് തുടർനടപടികൾ സ്വീകരിച്ച് ആഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചതായി കാണുന്നില്ലായെന്നും 23/7/14-ലെ പഞ്ചായത്ത് കമ്മിറ്റി ഇ.എം.എസ്. ഭവന പദ്ധതിയിൽ അനർഹമായി ആനുകൂല്യം കൈപ്പറ്റിയവരിൽനിന്നും തുക ഈടാക്കുവാൻ എൽ.വി.ഇ.ഒ.യെ ചുമതലപ്പെടുത്തി തീരുമാനിക്കുകയുണ്ടായി. എന്നാൽ ഓഡിറ്റ് നടപടിക്രമങ്ങളിൽ കാര്യമായ പരിജ്ഞാനമില്ലാത്ത എൽ.വി.ഇ.ഒ. പോലുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച കാലയളവിൽത്തന്നെ റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നെങ്കിൽ ഇത്തരം വീഴ്ച ഉണ്ടാകുമായിരുന്നില്ലെന്നും പരിശോധനാ തീയതി വരെ മേൽ ഓഡിറ്റ് പരാമർശ പ്രകാരമുള്ള തുക ഈടാക്കുന്നതിന് ഊർജ്ജിതമായ യാതൊരു നടപടിയും നിർവ്വഹണ ഉദ്യോഗസ്ഥനായ എൽ.വി.ഇ.ഒ.യോ പഞ്ചായത്ത് സെക്രട്ടറിയോ കൈക്കൊണ്ടിട്ടില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം ശ്രീ. സരോജാക്ഷൻ പിള്ള സമർപ്പിച്ച പ്രതിവാദ പത്രികയുടേയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽനിന്നും കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിരുന്ന 1, 3 ആരോപണങ്ങളിൽ പെരിനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സരോജാക്ഷൻ പിള്ള വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ പെരിനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സരോജാക്ഷൻ പിള്ളയുടെ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിതഫലത്തോടെയല്ലാതെ 3 വർഷത്തേയ്ക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

1. ശ്രീ. സരോജാക്ഷൻ പിള്ള, മുൻ സെക്രട്ടറി, പെരിനാട് ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.262/ഡി3/2017/വിജി. തീയതി 23.01.2017 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.31580/ഇപിബി2/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ